# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P8/1812/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ബഹു.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: KSA/KKD/P8/1812/21 തീയ്യതി: 31/12/2021

## കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 06-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ജോയിന്റ് ഡയറക്ടർ(ഇൻചാർജ്ജ്) | 06-12-2021 | 17-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-12-2021 | 17-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എം.കരുണാകരൻ (ഓഡിറ്റ് ഓഫീസർ)
എൻ. രാജീവൻ (സീ.ഗ്രേഡ് ഓഡിറ്റർ)
കെ.കെ.വിജേഷ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സജിത്ത്.കെ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീമതി.ചന്ദ്രി.കെ.പി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. പ്രജുകുമാർ.കെ.ടി | സെക്രട്ടറി | 01-04-2020 | 01-02-2021 |
| ശ്രീമതി.ശീതള.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2021 | 08-02-2021 |
| ശ്രീ.അഭിഷേക് കുറുപ്പ് | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ദീപ.കെ | സി.ഡി.പി.ഒ | 01-04-2020 | 30-11-2020 |
| ഉഷാകുമാരി.വി | സി.ഡി.പി.ഒ | 01-12-2020 | 31-03-2021 |
| അബ്ദുൾ അസീസ് | എസ്.സി.ഡി.ഒ | 01-04-2020 | 31-03-2021 |
| ഡോ.അനൂപ് ബാലഗോപാൽ | മെഡിക്കൽ ഓഫീസർ (സൂപ്രണ്ട്, താലൂക്ക് ആശുപത്രി ) | 01-04-2020 | 31-03-2021 |
| ശ്രീശൻ .പി.എൻ | അ.എക്സി.എഞ്ചിനിയർ | 01-04-2020 | 01-09-2020 |
| സൂരജ്.പി.ജി | അ.എക്സി.എഞ്ചിനിയർ | 01-09-2020 | 31-12-2020 |
| നൗഫൽ അലി.കെ.എ | അ.എക്സി.എഞ്ചിനിയർ | 01-01-2021 | 31-03-2021 |
| ഹരീഷ് കുമാർ.കെ.പി | അസി. എഞ്ചിനീയർ | 01-04-2020 | 15-02-2021 |
| ആതിര നാരായണൻ | അസി. എഞ്ചിനീയർ | 01-03-2021 | 31-03-2021 |
| രേണു.പി | കൃഷി അസി.ഡയറക്ടർ | 01-04-2020 | 14-04-2020 |
| സീമ.ബി.ജെ | കൃഷി അസി.ഡയറക്ടർ | 13-04-2020 | 22-06-2020 |
| രമ്യ രാജൻ | കൃഷി അസി.ഡയറക്ടർ | 22-06-2020 | 30-07-2020 |
| സുഷമ.കെ.പി | കൃഷി അസി.ഡയറക്ടർ | 30-07-2020 | 23-10-2020 |
| സ്മിത നന്ദിനി.പി.കെ | കൃഷി അസി.ഡയറക്ടർ | 23-10-2020 | 01-01-2021 |
| പുഷ്പ.എസ് | കൃഷി അസി.ഡയറക്ടർ | 01-01-2021 | 31-03-2021 |
| സജിത.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ബിന്ദു.എസ് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 03-12-2020 |
| അശ്ഹ്ഗർ.ടി | വ്യവസായ വികസന ഓഫീസർ | 11-12-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 21-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-<br>Written By: Vijesh K.K (Auditor, On 21-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-6 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-7 |
| 10 | തടയണ നിർമ്മാണവും പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കലും - അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-8 |
| 11 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-9 |
| 12 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-10 |
| 13 | തൊഴിൽ സംരഭം ജനറൽ- അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താതെ ഗ്രൂപ്പിന് തുക കൈമാറി , സംരംഭം നാളിതുവരെ പ്രവർത്തനമാരംഭിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-11 |
| 14 | ഒരു പദ്ധതിക്കായി ഒരേ വർഷം രണ്ട് പ്രൊജക്ടുകൾ നടപ്പാക്കുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-12 |
| 15 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം | 1-13 |

| | | |
|---|---|---|
| | Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | |
| 16 | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ഉപകരണങ്ങൾ വാങ്ങൽ-ഉപകരണങ്ങൾ വാങ്ങിക്കു മ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-14 |
| 17 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ലാപ് ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങൽ-പ്രിന്റർ ലഭ്യമാവാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-15 |
| 18 | കുട്ടികൂട്ടം ജൈവകൃഷി-പ്രൊജക്ട് പ്രകാരം വാങ്ങിയ വിത്തുകളും വളങ്ങളും സ്കൂളുകൾക്ക് കൈമാറിയതിന് രേഖകളില്ല.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-16 |
| 19 | ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് ഫീസ് അടവാക്കൽ- സർക്കാർ മാർഗരേഖക്ക് വിരുദ്ധമായി കോഴ്സ് ഫീ അടവാക്കിയതും മറ്റ് അപാകതകളും .<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-17 |
| 20 | ഇല്ലാത്ത പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചു.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-18 |
| 21 | സ്കൂൾ സയൻസ് ലാബ് -സർക്കാറിന്റെ പ്രത്യേകാനുമതി ലഭ്യമാക്കി ആവിഷ്കരിച്ച പ്രൊജക്ട് നടപ്പിലാക്കാതെ ഉപേക്ഷിച്ചു.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 31-12-2021) | 1-19 |
| 22 | താലൂക്ക് ആശുപത്രിക്ക് താൽക്കാലിക അഡ്വാൻസ് ഇനത്തിൽ നൽകിയ തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-20 |
| 23 | വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്താത്തതും, ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-21 |
| 24 | വിവിധ പ്രൊജക്ടുകൾ പ്രകാരം കൈമാറിയതുകയുടെ വിനിയോഗവിവരം ലഭ്യമല്ല<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Vijesh K.K (Auditor, On 13-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 30-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബ്ലോക്ക്പഞ്ചായത്തിന്റെ ബജറ്റ് 23.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം നമ്പർ (1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ്നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മാത്രമല്ല വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടുമില്ല. ഭരണസമിതി അംഗീകരിച്ച് നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 23.3.20ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 956042610 രൂപ രേഖപ്പെടുത്തിയ പ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 75449912 രൂപ മാത്രമാണ്. അതേപോലെ ചെലവ് ബജറ്റ് പ്രകാരം 955734959 രൂപയും യഥാർത്ഥ ചെലവ് 71734821 രൂപയുമാണ്. ബ്ലോക്ക്പഞ്ചായത്തിന്റെ പ്രധാന വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| പദ്ധതി ചെലവുകൾക്കുള്ള വരവുകൾ | 81540028 | 51263505 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 866000000 | -- |

ദേശീയ ഗ്രാമീണ പദ്ധതിക്ക് ബജറ്റ് പ്രകാരം വൻതുക വകയിരുത്തിയപ്പോൾ സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ വരവ് ചെലവുകളൊന്നും ഉൾപ്പെട്ടു കാണുന്നില്ല.

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം ബ്ലോക്ക്പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 21.06.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1) വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് ജനറൽ വരവ് /ചെലവ് 33086324/- രൂപയാണ്.

എന്നാൽ എ.സി.ആർ ൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 33404045/-രൂപയാണ്.

2) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികളിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ആകെ 803423/-രൂപയുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിലെ ട്രഷറി സ്പെഷ്യൽ ടി.എസ്.പി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി 280000/-രൂപ നെഗറ്റീവായി കാണുന്നു. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

3) ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ 25666/-രൂപ 2018-19 മുതൽക്കേ വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കാണുന്നു. എന്നാൽ ഇത് നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

4) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-7 പ്രകാരം 493745/- രൂപ ഡെപ്പോസിറ്റായിട്ടുണ്ട്. എന്നാൽ ഇതിന് വാർഷിക സംക്ഷിപ്തം തയ്യാറാക്കി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കുട്ടിയോ എന്നും തിരിച്ച് കൊടുക്കുവാനുള്ള തുക എത്രയാണ് എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5) വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-18 പ്രകാരം 472802/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7) ഇൻകം & എക്സ്പെൻഡിച്ചർ I-17 പ്രകാരം ആസ്തികൾക്ക് തൻ വർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | 2019-20<br>(I-17 പ്രകാരം) | 2020-21<br>(I-17 പ്രകാരം) |
|---|---|---|
| Roads & Bridges | 1049052 | 286173 |
| Seawerage & Drainage | 71138 | 466052 |
| Vehicle | 88741 | 88741 |

8) ഡേ ബുക്കും ക്യാഷ് ബുക്കും ദിവസവും പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ രണ്ടോ അതിലധികമോ ദിവസങ്ങളിലെ വരവ് വന്ന ദിവസങ്ങളിലെ ക്യാഷ് ബുക്കുകൾ ഒരുമിച്ച് പ്രിന്റ് എടുത്തു വെയ്ക്കുന്നു. ഉദാ.14/08/2020 മുതൽ 24/09/2020 വരെ ക്യാഷ് ബുക്ക് ഒരുമിച്ച് പ്രിന്റ് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്തത്. ഇതിൽ ഓഗസ്റ്റ് 14, 17, 19, 21, സെപ്റ്റംബർ 8,9 എന്നീ തീയതികളിൽ വരവുണ്ട്.

9) തൻ വർഷം വാടക വരവ് 5500/- രൂപയുണ്ട്. എന്നാൽ ഇതിന്റെ വാർഷിക സംക്ഷിപ്തം തയ്യാറാക്കി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

10) വിവിധ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ മൂല്യമനുസരിച്ചല്ല തയ്യാറാക്കിയിരിക്കുന്നത്.

11) വാർഷിക കണക്കിലെ B-17പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന അക്കൗണ്ടുകളിൽ നിലവിൽ പദ്ധതികൾ ഇല്ലാത്തവയാണ്. എന്നാൽ ഈ തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

| | |
|---|---|
| IAY | 552323 |
| NADAM-SGSY | 2408046 |
| EMS | 30693 |

12) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

13) ചെലവ് പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകളിൽ ഗ്രാമപഞ്ചായത്ത് വിഹിതം 2400000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 3728000/- രൂപയും ചെലവായി വന്നിട്ടുണ്ട്. എന്നാൽ ഇത് വാർഷിക കണക്കിലെ വരവ് ചെലവിൽ ഉൾപ്പെട്ടിട്ടില്ല. ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ മൈനസ് 280000/- രൂപയാണ് കാണുന്നത്.

14) ജനറൽ പർപ്പസ് ഗ്രാന്റ് വരവ് വന്ന ട്രഷറി ടി.എസ്.പി അക്കൗണ്ടിൽ വിവിധ വരവുകൾ ഉൾപ്പെടുന്നുണ്ട്. ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, റീടെൻഷൻ, ഗുണഭോക്തൃ വിഹിതം, തനത് വരവ്, തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. എന്നാൽ ഇവ ഇനം തിരിച്ച് അക്കൗണ്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ പൊതു ആവശ്യ ഗ്രാന്റ് ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15. ഇ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10791567 |
| വരവ് | 64658345 |
| ആകെ | 75449912 |
| ചെലവ് | 71734821 |
| നീക്കിയിരിപ്പ് | 3715091 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 34059231 | 34059231 | 33404045 | 655186 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3218100 | 3218100 | 3218100 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 693000 | 693000 | 549744 | 143256 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5936344 | 5936344 | 5936344 | 0 |
| സെൻട്രൽ ഫിനാൻ സ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 0 | 6390000 | 6390000 | 6182591 | 207409 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ൦ | 6390000 | 6390000 | 1972781 | 4417219 |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് ജനറൽ പ്രകാരം 33086324/- രൂപ ചെലവ് രേഖപ്പെടുത്തിയപ്പോൾ യഥാർത്ഥ ചെലവ് എ.സി.ആർ പ്രകാരം 33404045/- രൂപയാണ്.

2)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്- ജനറൽ ഉത്പാദനം | 41198719 | 11813125 |
| സേവനം | 143407809 | 22401731 |

| | | |
|---|---|---|
| പശ്ചാത്തലം | 6620192 | 4904802 |
| വികസനഫണ്ട്-എസ്.സി.പി. സേവനം | 16934520 | 3014104 |
| വികസനഫണ്ട്-എസ്.സി.പി., (പശ്ചാത്തലം) | 1865896 | 1109896 |
| വികസനഫണ്ട്-ടി.എസ്.പി. സേവനം | 1400000 | 818511 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സേവനം) | 7134959 | 6071509 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-സേവനം | 19262460 | 7162460 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-(പശ്ചാത്തലം) | 900000 | 450000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 93 | 79 | 3 | 11 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 93 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ

അംഗീകാരം ലഭിച്ചത്. ആയതിൽ 82 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 156498423 രൂപ വകയിരുത്തിയതിൽ 57737876 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 5936344 | 5936344 | -- |
| വികസന ഫണ്ട് ജനറൽ | 34059321 | 33404045 | 655276 |
| വികസന ഫണ്ട് -SCP | 3218000 | 3218000 | - |
| വികസന ഫണ്ട് -T.SP | 693000 | 549744 | 143256 |
| C.F.C (Untied) | 3690000 | 3482591 | 207409 |
| C.F.C Tied) | 6390000 | 1972781 | 4417219 |
| ആകെ - | 53986665 | 48563505 | 5423160 |

സാമ്പത്തിക വർഷത്തിൽ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിൽ 56686665 രൂപ ലഭ്യമായതിൽ 51263505 രൂപ ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തി ന് കഴിഞ്ഞിട്ടുണ്ട്. ലഭ്യമായ തുകയിൽ 5423160 രൂപ ചെലവഴിക്കാതെ നഷ്ടമായത് ശ്രദ്ധയിൽ കൊണ്ടുവരുന്നു. നിർവഹണ ഉദ്യോഗസ്ഥരിൽ സി.ഡി.പി.ഒ., പട്ടികജാതി വികസന ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ. ഐ.ഇ.ഒ. എന്നിവർ തങ്ങൾക്ക് ലഭ്യമായ പ്രൊജക്ടുകൾ എല്ലാം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരാരും തന്നെ തങ്ങളുടെ പ്രൊജക്ടുകൾ പൂർണമായും നടപ്പിലാക്കിയിട്ടില്ല. സർക്കാറിന്റെ പ്രത്യേകാനുമതിയോടെ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കാ തെ ഉപേക്ഷിക്കുകയോ, അത്തരം പ്രൊജക്ടിന്റെ ചെലവു രേഖകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുകയോ ചെയ്യുന്ന പ്രവണത കാണുന്നുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉൾപ്പെടെയുള്ള വിവിധ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തു വരുന്നുണ്ട്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ചില വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനർമാരുടെ പങ്കാളിത്തം വളരെ കുറവാണ്. ഉദാ- മൃഗ സംരക്ഷണം, കൃഷി അനുബന്ധമേഖലകൾ. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 06-12-2021ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ് . വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയതിന്റെ രേഖകൾ പരിശോധന ക്ക് ലഭ്യമായിട്ടില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ഓഡിറ്റ് വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. അതേപോലെ ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല. സാമ്പത്തിക വർഷം ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലോക്ക്പഞ്ചായത്തിൽ ഡപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കുറ്റമറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററും ശരിയായി എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊ ന്നും ഉണ്ടായതായി കാണുന്നില്ല. 1999-2000 മുതൽ നിലവിലുള്ള 7 വർഷങ്ങളിലെ റിപ്പോർട്ടുകളിൽ ഇപ്പോഴും നടപടികൾ കൈകൊള്ളാനുണ്ട്. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 16.3.2020 ൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ലഭ്യമായിട്ടുണ്ടെങ്കിലും യഥാസമയം മറുപടി സമർപ്പിക്കാത്തതിനാൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച് 15 മാസങ്ങൾക്ക് ശേഷം 28.6.21 നാണ് ആയതിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാര മുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാന ത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതി ന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 തടയണ നിർമ്മാണവും പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കലും - അപാകതകൾ

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ വാർഡ് ഒന്നിൽ കള്ളാട് എന്ന സ്ഥലത്ത് കുറ്റ്യാടി ചെറുപുഴയിൽ തടയണ നിർമ്മിക്കുന്നതിനും പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനു മാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ | 60/21 |
| അടങ്കൽ | 1344809/- |

| | |
|---|---|
| ഫണ്ട് | സി.എഫ്.സി |
| ചെലവ് | 207409/- |
| ബിൽനം,തിയ്യതി. | 105/21/16.3.21S |

ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച അന്തിമ പദ്ധതി രേഖയിൽ ഉൽപ്പാദന മേഖലയിലാ ണ് ഈ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റിൽ തടയണ നിർമ്മാണം ഒഴിവാക്കി പുഴയുടെ സൈഡ് കെട്ടൽ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. പശ്ചാത്തല മേഖലയി ൽ ഉൾപ്പെടുത്തേണ്ടിയിരുന്ന പദ്ധതി പേര് മാറ്റി ഉൽപ്പാദന മേഖലയിൽ ഉൾപ്പെടുത്തുകയാ ണുണ്ടായത്. പദ്ധതിയുടെ പേര് തടയണ നിർമ്മാണവും പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കലും എന്നത് മാറ്റി പകരം കടവ് നിർമ്മാണവും പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കലും എന്നാക്കി മാറ്റണം എന്നാവശ്യപ്പെട്ട് ആവശ്യപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 15.07.2021ന് ഭരണ സമിതിക്ക് കത്ത് നൽകി. എന്നാൽ ഭരണസമിതിയുടെ 24.08.201 ലെ 8 (4) നമ്പർ തീരുമാന പ്രകാരം സാങ്കേതികമായ കാരണങ്ങളാൽ പ്രസ്തുത പദ്ധതിയുടെ പേര് മാറ്റാൻ സാധ്യമല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചു. പദ്ധതി ഇ ടെണ്ടർ ചെയ്തെങ്കിലും ഇതിൽ ആരും പങ്കെടുക്കാത്ത തിനാൽ പിന്നീട് ക്വട്ടേഷൻ മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. ഇതിനായി ഇ.കെ സുമിത്രൻ എന്ന കരാറുകാരനുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടുകയുണ്ടായി (കരാർ നം.AEE/KBP/18/2020-21/12/02/2021) നിലവിൽ സ്പിൽ ഓവറായി പ്രവൃത്തി നടന്നുവരുന്നു. ഓഡിറ്റിന്റെ ഭാഗമായി 14.12.2021 ന് ഓഡിറ്റ് ടീം സൈറ്റ് സന്ദർശിക്കുകയുണ്ടായി. കടവിന്റെ പ്രവൃത്തി നടക്കുന്ന ഭാഗത്ത് പുഴയിൽ വെള്ളം ഇല്ലെന്ന് മാത്രമല്ല കുളിക്കടവിനു ള്ള സൗകര്യങ്ങളൊന്നും നിലവിലില്ല. കുളിക്കടവ് സ്ഥിതി ചെയ്യുന്നത് പുഴയുടെ എതിർകരയിലാണ്. പദ്ധതി നിർവ്വഹണം കൊണ്ട് പ്രദേശവാസിക ൾക്ക് പ്രയോജനമൊന്നും ലഭിക്കാത്ത അവസ്ഥയാണുള്ളത്. പ്രവൃത്തി നടത്തേണ്ട സ്ഥലം സന്ദർശിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഫലത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുക പാഴാകുന്ന അവസ്ഥയാണുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/20-21/17.12.21) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ മറുപടി നൽകേണ്ടതാണ്.

1-9 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 26/20-21 | ഓടങ്കാട് അങ്കണവാടി റോഡ് | 450822 | 450822 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ

മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ട ത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കു ന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. ഓഡിറ്റ് എൻക്വയറി-17/20-21/17.12.21

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തി കൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-10 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പ്രോജക്റ്റ് നം. | 36/21 |
| അടങ്കൽ | 2000000/- |
| ഫണ്ട് | വികസനം |
| ചെലവ് | 1934600/- |
| ബിൽനം,തിയ്യതി. | 970/21/19.08.20 |

ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയ ഗുണഭോക്തൃ ലിസ്റ്റിൽ ഭിന്നശേഷി സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എന്ന് മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. എന്നാൽ ഈ ഗുണഭോക്താക്കളെല്ലാം തന്നെ വിദ്യാർത്ഥികളാണോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ വിദ്യാർത്ഥിക ളാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ.ഉ (കൈ) നം.22/2018/തസ്വഭവ/തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7-1-6 ൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും പ്രതിമാസ സ്കോളർഷിപ്പും, വാർഷികബത്തയും നൽകുന്നത് വ്യത്യസ്ത

നിരക്കിലാണ്. വിദ്യാർത്ഥികളല്ലാത്ത മാനസിക വെല്ലുവിളികൾ

നേരിടുന്ന സ്കൂളിൽ പോകാത്തവർക്ക് പ്രതിമാസബത്തയ്ക്കാണ് അർഹതയുള്ളത്. എന്നാൽ ഈ പദ്ധതിയിൽ ഏതൊക്കെ വിഭാഗത്തിൽ പെടുന്ന ഭിന്നശേഷിക്കാർക്കാണ് ആനുകൂല്യം നൽകിയതെന്ന് വ്യക്തമല്ല. അതുകൊണ്ട് തന്നെ ഏത് നിരക്കിലാണ് ഇവർക്ക് ആനുകൂല്യം നൽകിയതെന്നും വ്യക്തമല്ല. അപാകതകതകൾക്ക് വിശദീകര ണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/20-21 /16.12.21) മറുപടി നൽകിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താത്തതിനാൽ 1934600/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-11 തൊഴിൽ സംരംഭം ജനറൽ- അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താതെ ഗ്രൂപ്പിന് തുക കൈമാറി , സംരംഭം നാളിതുവരെ പ്രവർത്തനമാരംഭിച്ചില്ല.

പ്രൊജക്ട് നമ്പർ- 70/20

വകയിരുത്തിയ തുക- 500000

ചെലവുതുക- 250000(ബിൽ നമ്പർ-1/20-21 തി 5.6.20)

നിർവഹണം- I.E.O

5 വനിതകളടങ്ങുന്ന ഗ്രൂപ്പിന് ഫ്ലോർ & ഓയിൽ മിൽ തുടങ്ങുന്നതിന് ധനസഹായം നൽകി സ്വയം തൊഴിൽ സംരഭത്തിലൂടെ തൊഴിൽ ഉറപ്പുവരുത്തി വരുമാനം ആർജിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതാണ് പ്രൊജക്ട്. പ്രൊജക്ട് പ്രകാരം മരുതോങ്കര ഗ്രാമപഞ്ചായ ത്തിൽ പ്രവർത്തിക്കുന്ന തനിമ വനിതാ ഗ്രൂപ്പിനെ ഗുണഭോക്താക്കളായി തെരഞ്ഞടുക്കുക യും ആയതിന്റെ ഗ്രേഡിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിലും , ഗ്രൂപ്പിന് സംരംഭം തുടങ്ങുന്നതിന് ലോൺ അനുവദിച്ചുകൊണ്ടുള്ള മരുതോങ്കര സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിലും നിർവഹണ ഉദ്യോഗസ്ഥൻ മേൽ ബിൽ പ്രകാരം 250000 രൂപ പിൻവലിച്ച് ഗ്രൂപ്പിനുള്ള ബാക്ക് ആന്റ് സബ്സിഡി ആയി ലോൺ അനുവദിച്ച മരുതോങ്കര സർവീസ് സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. ആയത് ബാങ്കിൽ 19.6.20 ലഭ്യമായതായി ബാങ്ക് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി വ്യവസായ വികസന ഓഫീസറുടെ സാനിധ്യത്തിൽ തൊഴിൽ സംരംഭം നേരിൽ പരിശോധിച്ചതിൽ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാവാത്തതിനാൽ നാളിതുവരെ ആയത് പ്രവർത്തനമാരംഭിച്ചില്ലെന്ന് ഗ്രൂപ്പ് അംഗങ്ങൾ അറിയിക്കുകയും ആയത് നേരിൽ കണ്ട് ബോധ്യപ്പെടുകയും ചെയ്തു. ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച ഷെഡിൽ ഫ്ലോർമില്ലിനായി വാങ്ങിയ ഉപകരണങ്ങൾ സൂക്ഷിച്ച നിലയിൽ കണ്ടു. ഷെഡിന് നാളിതുവരെ ഇലക്ട്രിഫിക്കേഷൻ നടത്തി കറണ്ട് കണക്ഷൻ ലഭ്യമായിട്ടില്ല. സബ്സിഡി തുക കൈമാറി ഒന്നര വർഷത്തോളമായിട്ടും ഫ്ലോർമിൽ ആരംഭിക്കാത്തത് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലാണെന്ന് ഗ്രൂപ്പ് അംഗങ്ങൾ അറിയിച്ചു. സംരംഭം തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം ഉറപ്പുവരുത്തിയശേഷം മാത്രം തുക കൈമാറേണ്ട നിർവഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ സംഭവിച്ച വീഴ്ചയാണ് അപാകതക്ക് കാരണമായത്. സബ്സിഡി തുക കൈമാറുന്ന അവസരത്തിൽ തുകയുടെ വിനിയോഗം സംബന്ധിച്ചും തൊഴിൽ സംരഭത്തിന്റെ പ്രവർത്തനം സംബന്ധിച്ചും ഗ്രൂപ്പ് അംഗങ്ങളുമായി നിയമാനുസൃത കരാറിൽ ഏർപ്പെടുന്നതിലും നിർവഹണ ഉദ്യോഗ സ്ഥൻ ശ്രദ്ധിച്ചില്ല. ഫ്ലോർമിൽ പ്രവർത്തനക്ഷമമാക്കാൻ സത്വര നടപടികൾ കൈകൊള്ളേണ്ടതാണ്. അല്ലാത്തപക്ഷം ഗ്രൂപ്പിന് സബ്സിഡി ഇനത്തിൽ കൈമാറിയ 250000 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-12 ഒരു പദ്ധതിക്കായി ഒരേ വർഷം രണ്ട് പ്രൊജക്ടുകൾ നടപ്പാക്കുന്നു

2020-21 വർഷത്തെ പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഒരേ പ്രവൃത്തിക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം ചെയ്തതായി കാണുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | കുന്നമ്മൽ സി.എച്ച്.സി. കോൺഫറൻസ് ഹാൾ പൂർത്തീകരണം | 52 | 450000 | 449667 |
| 2 | - ടി- | 103 | 500000 | 483149 |

മേൽ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഒരേ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായാണ് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഇത് കൃത്യമായ ആസൂത്രണത്തിന്റ അടിസ്ഥാനത്തിലല്ല പ്രവൃത്തികൾക്കായി പദ്ധതികൾ തയ്യാറാക്കിയത് എന്ന് വ്യക്തമാക്കുന്നു. ഒരു പദ്ധതിയിലെ മുഴുവൻ പ്രവൃത്തികളും മുൻകൂട്ടി കണ്ട് പ്രവൃത്തികൾ ക്കാവശ്യമായ തുക വകയിരുത്തുന്നതിനു പകരം ലഭ്യമായ തുകയ്ക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കപ്പെടുന്നതാണ് പദ്ധതി പൂർത്തീകരണത്തിനായി വീണ്ടും പദ്ധതി രൂപീകരണം നടത്തേണ്ടി വരുന്നതിനിടയാക്കിയത്. ഇത് കാരണം കരാറുകാരനെ കണ്ടെത്തുന്നതടക്കമുള്ള നടപടികൾ വീണ്ടും ചെയ്യേണ്ടി വരികയും പദ്ധതി പൂർത്തീകരണത്തിലും ഗുണഫലം ലഭിക്കുന്നതിലും കാലതാമസം വരുത്തുകയും ചെയ്യുന്നു. കൂടാതെ ഉയർന്ന അടങ്കലിലുള്ള പ്രവൃത്തികളിലൂടെ ഉണ്ടാവുമായിരുന്ന ടെണ്ടർ നടപടികളുടെ മത്സരക്ഷമതയും , ക്ഷമതയുള്ള കരാറുകാരുടെ സാന്നിധ്യവും ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം പ്രവൃത്തികൾ കൃത്യമായും , ഗുണമേന്മയോടെയും നിർവ്വഹണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/20-21/16.10.21) മറുപടി നൽകിയിട്ടില്ല. പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ അതിന്റെ എല്ലാവിധ പ്രവർത്തനങ്ങളും ഉൾപ്പെട്ട സമഗ്ര പദ്ധതിയാണെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-13 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം

ബ്ലോക്ക്പഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതി നുള്ള ചെലവ്.

4.മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാര തുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് ഫണ്ടിന്റെ ദുർവിനിയോഗമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/20-21/17.12.21) മറുപടി നൽകിയിട്ടില്ല.വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ഉപകരണങ്ങൾ വാങ്ങൽ-ഉപകരണങ്ങൾ വാങ്ങിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

പ്രൊജക്ട് നമ്പർ- 65/20.21

വകയിരുത്തിയ തുക- 2000000

ചെലവുതുക- 1826558

മേൽ പ്രൊജക്ട് പ്രകാരം കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽനിന്നും ഇരുപത് ലക്ഷം രൂപ വകയിരുത്തുകയും 1826558 രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ ബിൽ നമ്പർ 13/20.21 തി 16.10.21 പ്രകാരം പിൻവലിച്ച 120700 രൂപയിൽ 69700 രൂപ മുടക്കി ലോഗിൻ ടെക്നോളജീസ് വടകര എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്. അതെ പോലെ 90400 രൂപ (ബിൽ നമ്പർ 17/20.21)പ്രകാരം പിൻവലിച്ച് ക്വട്ടേഷൻ നടപടികളിലൂടെ ഇൻഫോ സിസ്റ്റം കുറ്റ്യാടി എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, ഒരു പ്രിന്റർ, ഒരു യു.പി.എസ്.എന്നിവയും വാങ്ങിയിട്ടുണ്ട്. സ.ഉ.സാധാ.നമ്പർ1278/16 ത.സ്വ.ഭ.വ.തിയ്യതി 18.3.16 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടറുകളുടെ യും, അനുബന്ധ ഉപകരണങ്ങളുടെയും പർച്ചേസിനും , ഇൻസ്റ്റലേഷൻ, റിപ്പയർ എന്നിവക്കും I.K.M.നെ ചുമതലപ്പെടുത്തുകയും കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയത് പാലിക്കാതെയും ഒന്നിച്ചുള്ള ആവശ്യകത പരിഗണിക്കാതെയുമാണ് ക്വട്ടേഷൻ നടപടികളിലൂടെ പലപ്പോഴായാണ് കമ്പ്യൂട്ടറുകളും ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത്.

അതേ പോലെ ബിൽനമ്പർ 25/19.3.21 പ്രകാരം പിൻവലിച്ച 356358 രൂപ വിനിയോഗിച്ച് ARTCO മുഖേന ടെണ്ടർ നടപടികൾ കൂടാതെ എതാനും ആശുപത്രി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. (വാട്ടർ പ്യൂരിഫയർ, ബി.പി.അപ്പാരറ്റസ്, എക്സാമിനേഷൻ ടേബിൾ മുതലായവ). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ നമ്പർ 3299/16പ്രകാരം സ്വന്തമായി സാധനങ്ങൾ നിർമ്മിക്കാത്ത ചില സർക്കാർ/ അർദ്ധ സർക്കാർ / ഗവ.അംഗീകൃത സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരിൽ നിന്നും ആയവ വാങ്ങി

ഇടനിലക്കാരായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പെടുകയും ആയതിന്റെ അടിസ്ഥാന ത്തിൽ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനങ്ങൾ മേൽപറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ആയത് പരിഗണിക്കാതെയാണ് ARTCO മുഖേന ഉപകരണങ്ങൾ വാങ്ങിയി രിക്കുന്നത്.ഉദാ- 24190 രൂപ വിലയുള്ള അക്വാഗാർഡിന്റെ രണ്ട് വാട്ടർ പൂരിഫയർ, 33453 രൂപ വിലയുള്ള 15 ഒനീഡാ എൽബോടാപ്പ്, ബി.പി. അപ്പാരറ്റസ് 4എണ്ണം 7884 രൂപ, ഇറക്കുമതി ചെയ്ത വീൽ ചെയർ 5 എണ്ണം 40614 രൂപ എന്നിങ്ങനെ. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങിച്ചതിന്റെ സാഹചര്യം വ്യക്തമാക്കാനാവശ്യ പ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല താലൂക്ക് ആശുപത്രി മുഖേനയുള്ള പർച്ചേസുകളെല്ലാം തന്നെ ബ്ലോക്ക്തല പർച്ചേസിംഗ് കമ്മറ്റിയുടെ പരിഗണനക്ക് വന്നതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പർച്ചേസിംഗ് കമ്മറ്റി തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. ഉപകരണങ്ങൾ വാങ്ങുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ലാപ് ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങൽ- പ്രിന്റർ ലഭ്യമാവാത്തതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ- 83/21

വകയിരുത്തിയ തുക- 148500

ചെലവുതുക- 148320(ബിൽ നമ്പർ-4/20-21 തി 3.7.20)

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ലാപ് ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങിക്കുന്നതിനുള്ള പ്രൊജക്ട് പ്രകാരം 148324 രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് കെൽട്രോൺ ലഭ്യമാക്കിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. തുക അടവാക്കിയതിൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ലാപ് ടോപ്പ് എന്നിവ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ ക്യാഷ് ബിൽ പരിശോധിച്ചതിൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ലാപ് ടോപ്പ് എന്നിവക്ക് ഇൻവോയ്സ് പ്രകാരം കെൽട്രോണിൽ അടവാക്കിയ തുകയും , ക്യാഷ് ബിൽ പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം കാണുന്നു. ആയതിന്റെ വിശദാംശം ചുവടെ

| ഇനം/ക്യാഷ് ബിൽ നമ്പർ | ക്യാഷ് ബിൽ പ്രകാരം തുക | ഇൻവോയ്സ് പ്രകാരം അടവാക്കിയ തുക | അധികം അടവാക്കിയ തുക |
|---|---|---|---|
| H.P.കമ്പനിയുടെ 3 ഡസ്ക് ടോപ്പുകൾ ബിൽ. 37124026835 തി 30.9.20 | 88057 | 92358 | 4301 |
| ലെനോവ കമ്പനിയുടെ 2 ലാപ് ടോപ്പുകൾ.ബിൽ നം. 6401843476 തി 28.8.20 | 43692 | 45790 | 2098 |
| അധികം അടവാക്കിയ തുക | | | 6399 |

ഇതിൽ നിന്നും ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ അടവാക്കിയ തുകയും ഉപകരണങ്ങളുടെ കാഷ് ബിൽ പ്രകാരമുള്ള തുകയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ 6399 രൂപ കെൽട്രോണിൽ അധികം അടവാക്കിയതായി കാണുന്നു. ഇതു കൂടാതെ ഇൻവോയിസ് പ്രകാരം 10176 പ്രിന്ററിനായി അടവാക്കിയെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് കെൽട്രോണിന് കത്ത് നൽകിയപ്പോൾ നിലവിൽ പ്രിന്ററിന് വില വർദ്ധിച്ചതിനാൽ 2777 രൂപ കൂടി അടവാക്കാൻ ആവശ്യപ്പെടുകയും 29-9.21 ൽ 2777 രൂപ കെൽട്രോണിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. കെൽട്രോൺ നൽകിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ട തുക അടവാക്കിയിട്ടുണ്ട്. ആയതിന് പിന്നീട് ഉണ്ടാവുന്ന വില വർദ്ധനവ് സാധനം സപ്ലൈ ചെയ്യുന്നതിൽ കാലതാമസം വരുത്തിയ കെൽട്രോണിന്റെ ബാധ്യതയായിരിക്കെ ബ്ലോക്ക് പഞ്ചായത്ത് അടവാക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

പ്രൊജക്റ്റ് പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായാണ് നടപ്പിലാക്കിയത് . എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ ചെലവുപത്രിക പരിശോധിച്ചതിൽ ഇത്തരമൊരു പ്രൊജക്റ്റ് നടപ്പിലാക്കാനുള്ളതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ ചെലവു പത്രികയിൽ ഉൾപ്പെടാത്ത പ്രൊജക്റ്റ് 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി എങ്ങനെ ഉൾപ്പെട്ടുവെന്ന് വ്യക്തമല്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്ടു പ്രകാരം ചെലവഴിച്ച തുകക്ക് തന്നെ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിൽ ഉണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും ലഭിക്കാനവശേഷിക്കുന്ന പ്രിന്റർ ലഭ്യമാക്കിയും, കമ്പ്യൂട്ടർ, ലാപ് ടോപ്പ് എന്നിവക്ക് അധികം അടവാക്കിയ തുക തിരികെ ഈടാക്കിയും അപാകത പരിഹരിക്കാവുന്നതാണ്. അധികം അടവാക്കിയ തുക, പ്രിന്റർ വില എന്നിവ 44352 രൂപ തടസ്സത്തിൽ വെക്കുന്നു.

1-16 കുട്ടിക്കൂട്ടം ജൈവകൃഷി-പ്രൊജക്റ്റ് പ്രകാരം വാങ്ങിയ വിത്തുകളും വളങ്ങളും സ്കൂളുകൾക്ക് കൈമാറിയതിന് രേഖകളില്ല.

പ്രൊജക്റ്റ് നമ്പർ- 81/21

വകയിരുത്തിയ തുക- 650000

ചെലവുതുക- 650000 (ബിൽ നമ്പർ 1/20-21 തി 23.4.20, 2/20-21തി 23.4.20)

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 65 എൽ.പി/യു.പി സ്കൂളുകളിൽ ജൈവരീതിയിൽ ചേനകൃഷി നടത്തുന്നതിനാവശ്യമായ നടീൽ വസ്തുക്കളും ജൈവവളങ്ങളും ലഭ്യമാക്കുന്നതിന് ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പ്രൊജക്റ്റിൽ ഓരോ സ്കൂളിനും ലഭ്യമായ സ്ഥലത്തിന് ആനുപാതികമായി വിത്തും വളവും ലഭ്യമാക്കുന്ന ഈ പ്രൊജക്റ്റ് നൂതന പ്രൊജക്റ്റ് എന്ന വിഭാഗത്തിൽ പെടുത്തി പ്രത്യേകാനുമതി വാങ്ങിയാണ് അംഗീകാരം വാങ്ങിയത് . മേൽ പ്രൊജക്റ്റ് പ്രകാരം 325000 രൂപക്ക് ഡോളോമൈറ്റ് കലർന്ന ചാണകപ്പൊടി 16250 കിലോ, കിലോക്ക് 20 രൂപ പ്രകാരം 16250 കിലോ ആഗ്രോ സർവീസ് സെന്റർ ചാത്തങ്കോട്ടുനട എന്ന സ്ഥാപനത്തിൽനിന്നും വാങ്ങി വിവിധ കൃഷിഭവനുകളിൽ നൽകിയിട്ടുണ്ട്. ആയതിൽ കായക്കൊടി കൃഷിഭവനിൽ ലഭ്യമാക്കിയ 2750 കിലോ ചാണകപ്പൊടിയും വേളം കൃഷി ഭവനിൽ ലഭ്യമാക്കിയ 2400 കിലോ ചാണകപ്പൊടിയും ബന്ധപ്പെട്ട സ്കൂളുകൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 11100 കിലോ ചാണകപ്പൊടി ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അതേ പോലെതന്നെ V.F/P.C.Kമുഖേന 6500 കിലോ ചേനവിത്ത് കിലോക്ക് 50 രൂപ പ്രകാരം 325000 രൂപ ചെലവഴിച്ച് വാങ്ങിയത് വിവിധ കൃഷിഭവനുകളിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട സ്കൂളധികൃതർ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിത്തുകളും വളങ്ങളും വാങ്ങിയതിന്റെ കാഷ്ബിൽ പരിശോധിച്ചതിൽ ആയത് 2020 ഫെബ്രുവരി മാർച്ച് മാസത്തിലാണ് കൃഷിഭവനുകളിൽ ലഭ്യമാക്കിയിരിക്കുന്നത്. ആയതിന് ശേഷം കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ സ്കൂളുകൾ അടച്ചിട്ടിരിക്കുന്ന അവസ്ഥയിൽ ഇപ്രകാരം വാങ്ങിയ ചേനവിത്തും വളങ്ങളും എങ്ങനെ വിനിയോഗിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല. ആയത് വ്യക്തമാക്കുന്നതോടൊപ്പം മുഴവൻ വിത്തുകളും വളങ്ങളും ബന്ധപ്പെട്ട സ്കൂൾ അധികൃതർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധക്ക് ലഭ്യമാക്കുന്നതോടൊപ്പം പ്രൊജക്റ്റ് ലക്ഷ്യപ്രാപ്തി കൈവരിച്ചതിൻെറ രേഖകളും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രത്യേകാനുമതി വാങ്ങി നൂതന പ്രൊജക്ടായി നടപ്പിലാക്കിയ പ്രൊജക്റ്റ് ലക്ഷ്യപ്രാപ്തി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നതിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, കൃഷി അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പ് എന്നിവക്കുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. നിർവഹണ ഉദ്യോഗസ്ഥനും രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വിത്തും വളങ്ങളും ബന്ധപ്പെട്ട സ്കൂളധികൃതർ കൈപ്പറ്റിയതിന്റെ

രേഖകൾ ലഭ്യമാക്കിയും, പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയും അപാകത പരിഹരിക്കാവുന്നതാണ്. ചെലവുതുക 650000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-17 ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് ഫീസ് അടവാക്കൽ- സർക്കാർ മാർഗരേഖക്ക് വിരുദ്ധമായി കോഴ്സ് ഫീ അടവാക്കിയതും മറ്റ് അപാകതകളും .

ഹയർ സെക്കണ്ടറി പഠിതാക്കളുടെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ തുല്യതാ കോഴ്സ് ഫീസ് അടവാക്കുന്നതിന് ഒരു സ്പിൽ ഓവർ പ്രൊജക്റ്റ് ഉൾപ്പെടെ രണ്ട് പ്രൊജക്റ്റുകൾ പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് താഴെപ്പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്സ് |
|---|---|---|---|
| 84/21.ഹയർ സെക്കണ്ടറി തുല്യത കോഴ്സ് ഫീ. സ്പിൽ ഓവർ | 56100 | 56100 | ബിൽ നമ്പർ 2/1.7.20 |
| 120/21.ഹയർ സെക്കണ്ടറി തുല്യത കോഴ്സ് ഫീ. | 56100 | 49500 | ബിൽ നമ്പർ 46/9.3.21 |

രണ്ട് പ്രൊജക്റ്റുകളിലും 33 ഗുണഭോക്താക്കളുടെ കോഴ്സ് ഫീ ഇനത്തിലാണ് തുക അടവാക്കിയിരിക്കുന്നത്. തുക അടവാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ.നമ്പർ 11/18/ത.സ്വ.ഭ.വ. തി.29.1.2018 ഖണ്ഡിക 7.6 (13) പ്രകാരം സാക്ഷരതാ മിഷൻ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകൽ, സാക്ഷരതാമിഷനിൽ അടവാക്കേണ്ട ഫീസ് അടവാക്കൽ എന്നിവക്ക് വേണ്ടിയുള്ള പ്രൊജക്റ്റുകൾ ഗ്രാമ/ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് ഇത്തരം പ്രൊജക്റ്റ് നടപ്പാക്കാനുള്ള കാരണം വിശദമാക്കിയിട്ടില്ല.

2) കോഴ്സ് ഫീ അടവാക്കിയ ഗുണഭോക്താക്കളുടെ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) പ്രൊജക്റ്റ്നമ്പർ 84/21 പ്രകാരമുള്ള ഗുണഭോക്താക്കളുടെ കോഴ്സ് രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) രണ്ട് പ്രൊജക്റ്റുകൾ പ്രകാരവും 33 ഗുണഭോക്താക്കളുടെ കോഴ്സ് ഫീ ഇനത്തിലാണ് തുക അടവാക്കിയതെങ്കിലും പ്രൊജക്റ്റ് 84/20 പ്രകാരം 56100 രൂപയും 120/21 പ്രകാരം 49500 രൂപയുമാണ് അടവാക്കിയിരിക്കുന്നത്. ഇങ്ങനെ ഒരേ എണ്ണം ഗുണഭോക്താക്കൾക്ക് രണ്ട് വിധത്തിൽ തുക അടവാക്കാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല.

5)സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറിൽ നിന്നും പ്രൊജക്റ്റുകൾക്കായി അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവക്കുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. പ്രൊജക്റ്റ് നിർവഹണത്തിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിലും, പ്രൊജക്റ്റ് സർക്കാർ മാർഗ നിർദ്ദേശപ്രകാരമാണെന്നുറപ്പുവരുത്തുന്നതിൽ നിർവഹണ ഉദ്യോഗസ്ഥനും പരാജയപ്പെട്ടു. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും വിനിയോഗവിവരം ഉൾപ്പെടെ ആവശ്യമായ രേഖകൾ ലഭ്യമാക്കിയും അപാകത പരിഹരിക്കാവുന്നതാണ്.

## 1-18 ഇല്ലാത്ത പ്രൊജക്റ്റ് പ്രകാരം തുക ചെലവഴിച്ചു.

മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നിർവഹണ ഉദ്യോഗസ്ഥനായി സെക്കന്ററി പാലിയേറ്റീവ് സ്പിൽ ഓവർ എന്ന പേരിൽ (പ്രൊജക്റ്റ് നമ്പർ 72/21 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു) 2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

ബിൽ നമ്പർ 1/20-21 തി 20.4.20-211197 -(ഉപകരണങ്ങൾ വാങ്ങുന്നതിന്)

ബിൽ നമ്പർ- 20/20-21 തി 3.3.21-106524. (രോഗികൾക്കാവശ്യമായ മരുന്ന് വാങ്ങുന്നതിന്)

എന്നാൽ സാമ്പത്തിക വർഷത്തെ മെഡിക്കൽ ഓഫീസറുടെ ചെലവുപത്രിക പരിശോധിച്ചതിൽ അത്തരമൊരു പ്രൊജക്റ്റ് സ്പിൽ ഓവറായി മെഡിക്കൽ ഓഫീസർക്ക് നടപ്പിലാക്കാൻ കാണുന്നില്ല. സാമ്പത്തികവർഷം സെക്കന്ററി പാലിയേറ്റീവ് എന്ന പേരിൽ പുതിയ പ്രൊജക്റ്റ് മാത്രമെ നടപ്പിലാക്കാൻ

കാണുന്നുള്ളൂ.(പ്രൊജക്ട് 61/21).

ബ്ലോക്ക്പഞ്ചായത്തിന്റെ ചെലവുപത്രികയിൽ ഉൾപ്പെടാത്ത പ്രൊജക്ട് പ്രകാരം എങ്ങനെ തുക പിൻവലിച്ചു എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയി ട്ടില്ല. ആയത് ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്.

1-19 സ്കൂൾ സയൻസ് ലാബ് -സർക്കാറിന്റെ പ്രത്യേകാനുമതി ലഭ്യമാക്കി ആവിഷ്കരിച്ച പ്രൊജക്ട് നടപ്പിലാക്കാതെ ഉപേക്ഷിച്ചു.

പ്രൊജക്ട് നമ്പർ- 13/19-20

വകയിരുത്തിയ തുക- 850000

നിർവഹണം - സെക്രട്ടറി

കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലെ സർക്കാർ, എയിഡഡ് വിഭാഗത്തിലെ 17 യു.പി. സ്കൂളുകളിൽ സയൻസ് ലാബ് ഒരുക്കുന്നതിന് വേണ്ടി കെട്ടിട സൗകര്യമൊരുക്കി തരുന്ന സ്കൂളുകളിൽ സയൻസ് ലാബിന് വേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങി നൽകാൻ ലക്ഷ്യമിടുന്ന പ്രൊജക്ട് നടപ്പിലാക്കാൻ പ്രത്യേകാനുമതിക്കായി സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിക്ക് അപേക്ഷിച്ചതിൽ മുഴുവൻ സർക്കാർ യു.പി.സ്കൂളുകളിലും സയൻസ് ലാബ് ഒരുക്കിയ ശേഷം എയിഡഡ് സ്കൂളുകൾക്ക് ആയത് ലഭ്യമാക്കാൻ 16.12.19 ൽ കൂടിയ വികേന്ദ്രീകൃതാ സൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റി 426 നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.ആർ.ടി നമ്പർ 4/20 തി 1.1.20 പ്രകാരം ആയതിന് സർക്കാർ അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ അനുമതി ലഭ്യമായ ശേഷം സയൻസ് ലാബിനാവശ്യമായ മെറ്റീരിയലുകൾ , ഫർണിച്ചർ എന്നിവ ലഭ്യമാക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് പത്രപരസ്യം നൽകാൻ തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിന് പിന്നീട് തുടർ നടപടികളൊന്നും കൈകൊണ്ടുകാണുന്നില്ല. 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പ്രൊജക്ട് 20-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താതെ പ്രൊജക്ട് ഉപേക്ഷിച്ചതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ മാതൃകാ പ്രൊജക്ടായി സർക്കാർ പ്രത്യേകാനുമതിയോടെ ആവിഷ്കരിച്ച പ്രൊജക്ട് നടപ്പിലാക്കാതെ ഉപേക്ഷിക്കാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. ഇത്തരം പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ തന്നെ ആയതിന്റെ പ്രായോഗികക്ഷമത പരിശോധിക്കാതെ ആവിഷ്കരിച്ചത് ആരോഗ്യം, വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി, വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പ് എന്നിവക്കുണ്ടായ വീഴ്ചയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ മാതൃകാ പ്രൊജക്ട് നടപ്പിലാക്കാതെ ഉപേക്ഷിച്ചതിന് വ്യക്തമായ കാരണം ലഭ്യമാക്കേണ്ടതാണ്.

1-20 താലൂക്ക് ആശുപത്രിക്ക് താൽക്കാലിക അഡ്വാൻസ് ഇനത്തിൽ നൽകിയ തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കിയില്ല.

കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ അഡ്മിറ്റാവുന്ന രോഗികൾക്ക് മുട്ട, പാൽ. ബ്രഡ് എന്നിവ വിതരണം ചെയ്യുന്ന പദ്ധതിക്ക് ഫണ്ട് ലഭിക്കാൻ വൈകുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി ഒരു പ്രൊജക്ട് ഏറ്റെടുക്കണമെന്ന ആശുപത്രി സൂപ്രണ്ടിന്റെ അപേക്ഷ 19.6.20 ലെ ഭരണസമിതി മുമ്പാകെ അവതരിപ്പിക്കുകയും ആരോഗ്യവകുപ്പ് നേരിട്ട് ഫണ്ട് അനുവദിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രൊജക്ട് ഏറ്റെടുക്കാൻ കഴിയാത്തതിനാൽ ആവശ്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഹെൽത്ത് ഫണ്ട് ലഭിക്കുന്ന മുറക്ക് തിരിച്ചടക്കുമെന്ന വ്യവസ്ഥയിൽ ഈ ഇനത്തിൽ മൂന്ന് മാസത്തെ ചെലവ് തുക അനുവദിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാന ത്തിൽ വൗച്ചർ നമ്പർ 44/21 തി 22.9.20 പ്രകാരം 350000 രൂപ താലൂക്ക് ആശുപത്രി കുറ്റ്യാടിക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ 11600 രൂപ ലബോറട്ടറിയിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കുന്നതിന് ചെലവഴിക്കുകയും ബാക്കി

338400 രൂപ ബ്രഡും പാലും വിതരണം ചെയ്യുന്നതിനായി വിനിയോഗിച്ചതായി ആശുപത്രി സൂപ്രണ്ട് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും പ്രസ്തുത ആവശ്യത്തിനായി തുക ലഭിക്കുമ്പോൾ തിരികെ അടവാക്കണമെന്ന വ്യവസ്ഥയിൽ അനുവദിച്ച തുക നാളിതുവരെ ബ്ലോക്ക്പഞ്ചായത്തിൽ തിരികെ അടവാക്കിയതായി കാണുന്നില്ല. ആയത് തിരികെ ഈടാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് തിരിച്ചടവാക്കാമെന്ന നിബന്ധനയിൽ കൈമാറിയ തുക തിരികെ ഈടാക്കാൻ നടപടികളില്ലാത്തത് ബന്ധപ്പെട്ട സെക്ഷൻ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർക്ക് സംഭവിച്ച വീഴ്ചയാണ് അപാകതക്ക് കാരണമായത്. ആയത് തിരികെ ഈടാക്കി അപാകത പരിഹരിക്കാവുന്ന താണ്.

1-21 വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്താത്തതും, ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകളും.

ബ്ലോക്ക്പഞ്ചായത്തിൽ സാമ്പത്തിക വർഷങ്ങളിൽ രണ്ട് വാഹനങ്ങളുടെ പരിപാലനത്തിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. പ്രസിഡണ്ട് ഉപയോഗിക്കുന്ന K.L.18J. 8695 വാഹനവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉപയോഗത്തിനായുള്ള K.L.18 R 6176 വാഹനവും. നാളിതുവരെ മേൽവാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിച്ച് ആയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചുകാണുന്നില്ല (മൈലേജ് സർട്ടിഫിക്കറ്റ്). വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന നടത്താതെയാണ് വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്നത്. പ്രസിഡണ്ടിന്റെ ഉപയോഗത്തിനായുള്ള K.L.18J. 8695 വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം അടിക്കുന്ന വിവരം ഓരോ സമയത്തും രേഖപ്പെടുത്തുകയല്ലാതെ മാസാവസാനം തൻമാസം ആകെ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ്, ആകെ ഓടിയ ദൂരം, ഇന്ധനക്ഷമത എന്നിവ സംബന്ധിച്ച ഒരു സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല പലപ്പോഴും യാത്രചെയ്യ ഉദ്യോഗസ്ഥന്റെ ഒപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അതേപോലെ വാഹനത്തിൽ ഇന്ധനം നിറക്കുമ്പേൾ ആയത് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നതിലും അപാകത സംഭവിച്ചിട്ടുണ്ട്. ഉദാ-9-12-2020 വാഹനത്തിൽ 30 ലിറ്റർ ഡീസൽ അടിക്കുന്നതിനായി 2357 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഡീസലിന്റെ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിക്കുന്നതിൽ ഉത്തരവാദപ്പെട്ടവർക്കുണ്ടായ വീഴ്ചയും പ്രസിഡണ്ടിന്റെ വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പ് ഉത്തരവാദപ്പെട്ടവർ പരിശോധിച്ച് ഉറപ്പുവരുത്താത്തതുമാണ് അപാകതക്ക് കാരണമായത്. മൈലേജ് ടെസ്റ്റ് നടത്തിയും ലോഗ് ബുക്ക് സൂക്ഷിപ്പിലെ കൃത്യത ഉറപ്പ് വരുത്തിയും അപാകത പരിഹരിക്കാവുന്നതാണ്.

1-22 വിവിധ പ്രൊജക്ടുകൾ പ്രകാരം കൈമാറിയതുകയുടെ വിനിയോഗവിവരം ലഭ്യമല്ല

2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ മുഖേന വിവിധ പ്രൊജക്ടുകളുടെ നിർവഹണത്തി നായി ബ്ലോക്ക് പരിധിയിലുള്ള വിവിധ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. ഇത്തരത്തിൽ കൈമാറിയ തുകകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | ചെലവുതുക | കൈമാറിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| സെക്രട്ടറി | | | |

| | | | |
|---|---|---|---|
| 4/21. ലൈഫ് ഭവനപദ്ധതി വിഹിതം | 305000 | സെക്രട്ടറി കാവിലുംപാറ ഗ്രാമപഞ്ചായത്ത് | പ്രോജക്ടിനായുള്ള 2605000 രൂപയിൽ ബിൽ നമ്പർ 59/21 തി 29.3.21 പ്രകാരം 305000 രൂപ കാവിലുംപാറ സെക്രട്ടറിക്ക് കൈമാറി |
| 11/21-പെയിൻ&പാലിയേറ്റീവ് പഞ്ചായത്തു വിഹിതം നൽകൽ | 700000 | വിവിധ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കൾ | 41812രൂപ കാവിലുംപാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിഅവശേഷിക്കുന്ന തുക ആർക്കൊക്കെ കൈമാറി എന്ന് വ്യക്തമല്ല. |
| 6/21കുടിവെള്ള പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം | 605608 | കൈമാറിയ ഗ്രാമപഞ്ചായത്ത് വിവരം ലഭ്യമല്ല. | Order No 200/19.3.21 പ്രകാരം പിൻവലിച്ച തുക ആർക്ക് കൈമാറി എന്ന് വ്യക്തമല്ല. |
| 79/21.സമഗ്ര കാർഷിക ജൈവഗ്രാമം നരിപ്പറ്റ ഗ്രാമപഞ്ചായത്ത് വിഹിതം | 700000 | സെക്രട്ടറി നരിപ്പറ്റ ഗ്രാമപഞ്ചായത്ത് | ബിൽ നമ്പർ 1/1.7.20 പ്രകാരം കൈമാറിയ തുക |
| കൃഷി ഓഫീസർ | | | |
| 46/21-നെൽകൃഷി കൂലിചെലവ് സബ്സിഡി | 803800 | വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ | ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറിയതായി അറിയിച്ചു. വിശദവിവരം ലഭ്യമല്ല. |
| 87/21-നെൽകൃഷി കൂലിചെലവ് സബ്സിഡി | 150000 | വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ | ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറിയതായി അറിയിച്ചു. വിശദവിവരം ലഭ്യമല്ല. |
| ആകെതുക | 3264408 | | |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 06-12-2021 മുതൽ 17-12-2021 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിക്കുന്നു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പഞ്ചായത്ത് | 2018-19 | 3471082 | അംഗൻവാടി സ്മാർട്ടാക്കൽ | ആകെ ചെലവ് = 2695137/- | 775945 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

### 4-5 വായ്പ / വായ്പാതിരിച്ചടവ്

-ഇല്ല-

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 3-5 | 159350 | ഗോപിനാഥൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സി.04064086 Dtd 08-09-2020 ചലാൻ നം . 007618633202021 എം, തീ. 08-09-2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4.8.1.76 | ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലാ ലംഘനം | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

-ഇല്ല-

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64658345 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71734821 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2878952 |

ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-10 | 1934600 | ദീപ.കെ, സി.ഡി.പി.ഒ, |
| 1-11 | 250000 | ബിന്ദു.എസ്, ഐ.ഇ.ഒ |
| 1-15 | 44352 | പ്രജ്ഞകുമാർ.ടി, സെക്രട്ടറി |
| 1-16 | 650000 | സീമ.ബി.ജെ, എ.ഡി.എ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നം | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം (ഓഡിറ്റ് നടക്കുന്ന സമയത്തെ) | സ്ഥിരം മേൽ വിലാസം |
|---|---|---|
| 1-10 | ദീപ.കെ, സി.ഡി.പി.ഒ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | മീത്തലെ കേളോത്ത് ഹൗസ്, എരമംഗലം.പി.ഒ, ബാലുശ്ശേരി |
| 1-11 | ബിന്ദു.എസ് , ഐ.ഇ.ഒ ( നിലവിലെ ഔദ്യോഗിക മേൽവിലാസം ലഭ്യമല്ല) | രോഹിണി അപ്പാർട്ടമെന്റ്, ഫ്ലാറ്റ് നം സി. 3, ഐ.എം റോഡ്, തൃശ്ശൂർ, 680003 |
| 1-15 | പ്രജ്ഞകുമാർ.ടി, സെക്രട്ടറി , കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | കോച്ചേരി തറമ്മൽ വീട്, മൊകേരി പി.ഒ, കോഴിക്കോട് |
| 1-16 | സീമ.ബി.ജെ, എ.ഡി.എ (നിലവിലെ ഔദ്യോഗിക മേൽവിലാസം ലഭ്യമല്ല) | ശ്രീധം വീട്, കക്കോടി, മോരിക്കര പി.ഒ, 673611 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(2) തീയതി. 25.5.2018 | 2 (40, 44) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(3) തീയതി. 25.5.2018 | 6 (9, 11, 12, 15, 16, 17) |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(4) തീയതി. 25.5.2018 | 1 (3-1) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(5) തീയതി. 25.5.2018 | 1 (3-3) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(6) തീയതി. 25.5.2018 | 6 (3-2, 3-3, 3-4, 3-5, 3-6, 3-8) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/2023/2017 തീയതി.27.03.2018 | 3 (2-1, 3-1, 3-4) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി12/1360/20 തീയതി. 14.07.21 | 10 1-12, 3-2, 3-3, 3-6(5), 3-7, 3-8, 3-9, 3-11, 3-12, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി12/880/20 തീയതി. 16.11.21 | 1-2,1-7,1-9, 1-10, 1-13(1)(2), 1-15,1-17,1-18 (2),(3), 1-19 |

ജോയിന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്